# 171/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. കേരളത്തിന്റെ തീരദേശത്തിന്റെ നീളം :
   (A) 378 കി.മീ.
   (B) 611 കി.മീ.
   (C) 585 കി.മീ.
   (D) 460 കി.മീ.

2. കാശ്മീർ സ്ഥിതിചെയ്യുന്നത് ഹിമാലയത്തിലെ ഏത് പർവ്വതത്തിലാണ്?
   (A) ഹിമാദ്രി
   (B) സിവാലിക്ക്
   (C) പൂർവ്വാചൽ
   (D) ഹിമാചൽ

3. ഇന്ത്യൻ ഭരണഘടന റിപ്പബ്ലിക്ക് എന്ന ആശയം ഏത് രാജ്യത്ത് നിന്നാണ് സ്വീകരിച്ചത്?
   (A) ഫ്രാൻസ്
   (B) ബ്രിട്ടൻ
   (C) അമേരിക്ക
   (D) ഇറ്റലി

4. ഒന്നാം പഞ്ചവത്സര പദ്ധതിയുടെ ആമുഖം തയ്യാറാക്കിയ മലയാളി :
   (A) ഡോ. വി.പി. മേനോൻ
   (B) കെ.എം. പണിക്കർ
   (C) ഡോ. കെ.എൻ. രാജ്
   (D) വി.കെ. കൃഷ്ണമേനോൻ

5. ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ വാണിജ്യ ബാങ്ക് :
   (A) ഇന്ത്യൻ ബാങ്ക്
   (B) ബാങ്ക് ഓഫ് ഇന്ത്യ
   (C) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
   (D) ഇന്ത്യൻ ഓവർസീസ് ബാങ്ക്

6. ഇന്ത്യാ രാജ്യത്തെ ഭൂരഹിതരില്ലാത്ത ആദ്യത്തെ ജില്ല :
   (A) ശിവകാശി
   (B) കണ്ണൂർ
   (C) ലക്നൗ
   (D) ജയ്പൂർ

7. 68-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ കിരീടം നേടിയതാര്?
   (A) മണിപ്പൂർ
   (B) റെയിൽവേസ്
   (C) ഗോവ
   (D) മിസ്സോറം

8. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് മലബാർ ലഭിച്ചത് :
   (A) ശ്രീരംഗപട്ടണം സന്ധിപ്രകാരം
   (B) പ്ലാസി യുദ്ധപ്രകാരം
   (C) സൈനിക സഹായ വ്യവസ്ഥപ്രകാരം
   (D) മംഗലാപുരം സന്ധിപ്രകാരം

9. തിരുവനന്തപുരത്ത് രാജാസ് ഫ്രീ സ്കൂൾ സ്ഥാപിച്ചതാര്?
   (A) സ്വാതിതിരുനാൾ
   (B) റാണി ഗൗരി പാർവ്വതി ഭായ്
   (C) മാർത്താണ്ഡവർമ്മ
   (D) ശ്രീമൂലം തിരുനാൾ മഹാരാജാവ്



PSCNET.in

www.pscnet.in

10. ഇന്ത്യയിലെ ആദ്യത്തെ ലൈഫ് ഇൻഷുറൻസ് സ്ഥാപനം :
(A) നാഷണൽ ഇൻഷുറൻസ് കമ്പനി
(B) ന്യൂ ഇന്ത്യാ ഇൻഷുറൻസ് കമ്പനി
(C) ഓറിയന്റൽ ഇൻഷുറൻസ് കമ്പനി
(D) യുണൈറ്റഡ് ഇൻഷുറൻസ് കമ്പനി

11. കേരള സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാന മാർഗ്ഗമായ നികുതി :
(A) കാർഷിക നികുതി
(B) വിൽപ്പന നികുതി
(C) തൊഴിൽ നികുതി
(D) കെട്ടിട നികുതി

12. കേരള സംസ്ഥാനത്തിലെ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ :
(A) ജസ്റ്റിസ് ജി. ശിവരാജൻ
(B) ജസ്റ്റിസ് കെ.ആർ. ഉദയഭാനു
(C) ജസ്റ്റിസ് വി. രാംകുമാർ
(D) ജസ്റ്റിസ് ജെ.ബി. കോശി

13. ഐക്യരാഷ്ട്രസഭയുടെ ടൂറിസത്തിനുള്ള യൂളിസിസ് അവാർഡിന് അർഹമായ കേരളത്തിലെ ടൂറിസമേത്?
(A) ബീച്ച് ടൂറിസം
(B) ഹെറിറ്റേജ് ടൂറിസം
(C) കുമരകം ഉത്തരവാദിത്ത ടൂറിസം
(D) വൈൽഡ് ലൈഫ് ടൂറിസം

14. മൗലിക അവകാശങ്ങളിൽ ഉൾപ്പെടാത്തത് ഏത്?
(A) സംവരണത്തിനുള്ള അവകാശം
(B) സമത്വത്തിനുള്ള അവകാശം
(C) സ്വാതന്ത്ര്യത്തിനുള്ള അവകാശം
(D) ചൂഷണത്തിനെതിരെയുള്ള അവകാശം

15. ഓസ്കാർ പുരസ്ക്കാരം നൽകുന്ന അക്കാദമി ഓഫ് മോഷൻ പിക്ചർ ആർട്സ് ആന്റ് സയൻസ് എന്ന സ്ഥാപനം എവിടെയാണ്?
(A) ലണ്ടൻ
(B) ന്യൂയോർക്ക്
(C) പാരീസ്
(D) കാലിഫോർണിയ

16. "ജാതി ഒന്ന്, മതം ഒന്ന്, കുലം ഒന്ന്, ലോകം ഒന്ന്, ദൈവം ഒന്ന്" എന്ന സന്ദേശം ആരുടേതാണ്?
(A) ശ്രീനാരായണഗുരു
(B) വൈകുണ്ഠസ്വാമികൾ
(C) അയ്യങ്കാളി
(D) വക്കം അബ്ദുൾ ഖാദർ മൗലവി

17. തമിഴ്നാട്ടിൽ നിന്ന് ഉത്ഭവിച്ച് അറബിക്കടലിൽ ചേരുന്ന കേരളത്തിലെ പ്രധാന നദി :
(A) പെരിയാർ
(B) ചാലിയാർ
(C) ഭാരതപ്പുഴ
(D) മീനച്ചിലാർ

18. ഏറ്റവും കൂടുതൽ കാലം വിദേശ ആധിപത്യത്തിലുണ്ടായിരുന്ന ഇന്ത്യൻ പ്രദേശം :
(A) പോണ്ടിച്ചേരി
(B) മാഹി
(C) ഗോവ
(D) ചന്ദ്രനഗർ

19. ഇന്ത്യയിലെ ഏക അഗ്നിപർവ്വതമായ 'ബാരൽ' ഏത് ദ്വീപിലാണ് സ്ഥിതിചെയ്യുന്നത്?
(A) കവരത്തി
(B) ആന്ത്രോത്ത്
(C) ബംഗാരം
(D) നാർക്കോൺഡം

20. ഇന്ത്യയിലെ വജ്ര ഖനിയുള്ള സംസ്ഥാനം :
(A) മദ്ധ്യപ്രദേശ്
(B) ഒറീസ്സ
(C) ഉത്തർപ്രദേശ്
(D) ഝാർഖണ്ഡ്



fb.com/pscnet.in

www.pscnet.in

21. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം പൊട്ടിപ്പുറപ്പെട്ടതെവിടെ?
(A) മീററ്റ്
(B) ത്സാൻസി
(C) സത്താറ
(D) ഡെൽഹി

22. നവംബർ 19 ദേശീയോദ്ഗ്രഥന ദിനമായി ആഘോഷിക്കുന്നത് ആരുടെ ജന്മദിനമാണ്?
(A) സ്വാമി വിവേകാനന്ദൻ
(B) ഇന്ദിരാഗാന്ധി
(C) സർദാർ വല്ലഭായ് പട്ടേൽ
(D) രാജീവ് ഗാന്ധി

23. ഇന്ത്യൻ ആസൂത്രണത്തിന്റെ പിതാവായി കണക്കാക്കുന്നത് :
(A) ദാദാബായ് നവറോജി
(B) വിക്രം സാരാഭായ്
(C) മഹലാനോബിസ്
(D) വിശ്വേശ്വരയ്യ

24. പട്ടാളത്തിന്റെ പ്രത്യേക അധികാര നിയമത്തിനെതിരെ മണിപ്പൂരിൽ നിരാഹാരം കിടക്കുന്ന മനുഷ്യാവകാശ പ്രവർത്തക :
(A) മേധാപട്കർ
(B) ഇറോം ഷാനു ഷർമ്മിള
(C) മേനകാ ഗാന്ധി
(D) റേച്ചൽ കാർസൺ

25. ഹിമാലയ പ്രദേശങ്ങളിലെ വൃക്ഷങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി രൂപീകരിച്ച പ്രസ്ഥാനം :
(A) ഗ്രീൻപീസ്
(B) ചിപ്കോ
(C) ലോബയാൻ
(D) ഗ്രീൻബെൽറ്റ്

26. ഭൂദാന പ്രസ്ഥാനത്തിന്റെ സ്ഥാപകൻ :
(A) ജയപ്രകാശ് നാരായണൻ
(B) മൊറാർജി ദേശായി
(C) ആചാര്യ വിനോബാഭാവേ
(D) ലാൽബഹദൂർ ശാസ്ത്രി

27. ഇന്ത്യയുടെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ :
(A) ഡോക്ടർ നസീം ബയ്ദി
(B) നളിനി നാറ്റൊ
(C) എച്ച്.എസ്. ബ്രഹ്മ
(D) വി.എസ്. സമ്പത്ത്

28. ഇപ്പോൾ ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നത് എത്രാമത്തെ പഞ്ചവത്സര പദ്ധതിയാണ്?
(A) 10
(B) 12
(C) 11
(D) 13

29. "നമുക്ക് എല്ലാവരുടെയും ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള വിഭവങ്ങളുണ്ട്. എന്നാൽ ഒരാളുടെ പോലും അത്യാഗ്രഹത്തെ നിറവേറ്റാനുള്ളതില്ലതാനും" ഇത് ആരുടെ അഭിപ്രായമാണ്?
(A) മഹാത്മാഗാന്ധി
(B) ജവഹർലാൽ നെഹ്റു
(C) സുഭാഷ് ചന്ദ്രബോസ്
(D) ബാലഗംഗാധര തിലകൻ

30. ബ്രഹ്മപുത്രാനദി ഇന്ത്യയിലേക്ക് പ്രവേശിക്കുന്നത് ഏത് സംസ്ഥാനത്തിലൂടെയാണ്?
(A) ആസ്സാം
(B) നാഗാലാന്റ്
(C) സിക്കിം
(D) അരുണാചൽ പ്രദേശ്



fb.com/pscnet.in

www.pscnet.in

31. Choose the right word :
One of the boys who acted in the English skit today ———— my friend Arun.
(A) are
(B) is
(C) has
(D) being

32. Pick out the appropriate question tag :
He never helps others, ————?
(A) does he?
(B) doesn't he?
(C) do he?
(D) don't he?

33. The train ———— before we reached the station.
(A) left
(B) leaves
(C) has left
(D) had left

34. Supply the missing Preposition :
He cried ———— pain when the ball hit him.
(A) on
(B) at
(C) with
(D) in

35. Choose the right word :
I am a bachelor. So I ———— cook my own food, though I don't like it much.
(A) have to
(B) must
(C) can
(D) could

36. The correct Passive Voice of the sentence "Have you examined these papers?" is :
(A) Have these papers examined by you?
(B) These papers have been examined by you.
(C) Have these papers been examined by you?
(D) These papers has been examined by you.

37. Choose the Reported speech of the sentence :
John said, 'I went home yesterday with my sister'.
(A) John said that he went home the previous day with his sister
(B) John said that he had gone home the previous day with his sister
(C) John said that he had went the previous day with his sister
(D) John said that he had been gone the previous day with his sister

38. Choose the correct sentence :
(A) Unless you work hard, you will not qualify for the next round
(B) Unless you don't work hard, you will not qualify for the next round
(C) Unless you working hard, you will not qualify for the next round
(D) Unless you worked hard, you will not qualify for the next round

39. Choose the right word :
If it rains today, we ———— cancel today's match.
(A) will
(B) would
(C) are
(D) could



PSCNET.in
fb.com/pscnet.in

www.pscnet.in

40. Use appropriate Adjective :

__________ rain wreaked havoc across the state.

(A) strong
(B) powerful
(C) heavy
(D) emphatic

41. Which one of the following expressions is correct?

(A) a pack of owls
(B) a flock of policemen
(C) a school of fish
(D) a group of birds

42. Pick out the word having the same meaning as 'Clumsy' :

(A) dirty
(B) beautiful
(C) impressive
(D) awkward

43. The word opposite in meaning to 'Convict' is :

(A) Prosecute
(B) Acquit
(C) Tarnish
(D) Sue

44. Use another word for the underlined :

John <u>resembles</u> his uncle.

(A) looks after
(B) puts on
(C) takes after
(D) puts off

45. The meaning of the word, 'Modus Operandi' is :

(A) model for others
(B) method of operating or functioning
(C) object of attraction
(D) a kind of flower

46. Substitute the underlined with one word :

Ramu is a <u>Person who always thinks he is ill.</u>

(A) Kleptomaniac
(B) Sycophant
(C) Ablutophobiac
(D) Hypochondriac

47. Choose the correctly spelt word which means 'a souvenir' :

(A) momento
(B) momanto
(C) memento
(D) movemento

48. Which one of the following idioms means 'a situation or an information that is unpleasant, but must be accepted'?

(A) a bitter pill
(B) catch 22 situation
(C) a skeleton in the cupboard
(D) a fly in the ointment

49. The proverb 'When you are in Rome, be a Roman' can be translated into Malayalam as :

(A) ശീലിച്ചതേ പാലിക്കൂ
(B) പാപി ചെല്ലുന്നിടം പാതാളം
(C) പുര കത്തുമ്പോൾ വാഴ വെട്ടരുത്
(D) ചേരയെ തിന്നുന്ന നാട്ടിൽ ചെന്നാൽ നടുക്കണ്ടം തിന്നുക

50. Which one of the following verbs takes the suffix '–ness' to change into a noun?

(A) request
(B) forgive
(C) accuse
(D) speak



fb.com/pscnet.in

www.pscnet.in

51. നാല് സിലിണ്ടർ ഉള്ള ഒരു വാഹനത്തിന്റെ പ്രവർത്തന സൈക്കിൾ ഏത് വിഭാഗത്തിൽപ്പെടുന്നു?

(A) റ്റൂ സ്ട്രോക്ക്
(B) ഫോർ സ്ട്രോക്ക്
(C) മൾട്ടി സ്ട്രോക്ക്
(D) മൾട്ടി സർക്കിൾ

52. ഒരു വാഹനത്തിന്റെ റേഡിയേറ്ററിൽ ഓയിലിന്റെ സാന്നിദ്ധ്യം കണ്ടാൽ മനസ്സിലാക്കുന്നത് :

(A) എഞ്ചിൻ തകരാറ്
(B) എഞ്ചിനിൽ ഓയിലിന്റെ അളവ് കുറവ്
(C) ഹെഡ് ഗ്യാസ്കറ്റ് തകരാറ്
(D) ഓയിൽ പ്രഷർ കൂടുതൽ

53. ഒരു വാഹനത്തിന്റെ ടയറുകളുടെ വായുമർദ്ദം അധികമായാൽ :

(A) വാഹനം ഓട്ടത്തിൽ ഇടത് ഭാഗത്തേക്ക് വലിക്കും
(B) വാഹനം ഓട്ടത്തിൽ വലത് വശത്തേക്ക് വലിക്കും
(C) വാഹനം ഓട്ടത്തിൽ മറിയാൻ സാദ്ധ്യത
(D) ടയറുകളുടെ അമിത തേയ്മാനം

54. ഒരു വാഹനത്തിന്റെ ക്ലച്ചിന്റെ ധർമ്മം എന്ത്?

(A) ഗിയർ ഇടുവാൻ
(B) വാഹനത്തിന്റെ വേഗത കൂട്ടുവാനും കുറയ്ക്കുവാനും
(C) കയറ്റം കയറുവാൻ
(D) എഞ്ചിനും ഗിയർ ബോക്സും തമ്മിലുള്ള ബന്ധം വിച്ഛേദിക്കുവാൻ

55. ഫ്ലൈ വീലിലും പ്രഷർ പ്ലേറ്റിനും ഇടയിലുള്ള വസ്തു :

(A) പ്രഷർ ഡിസ്ക്
(B) പ്രഷർ സ്പ്രിംഗ്സ്
(C) കോയിൽ പ്രഷർ സ്പ്രിംഗ്സ്
(D) ക്ലച്ച് ഡിസ്ക്

56. മിക്ക കൊമേഴ്സ്യൽ വാഹനങ്ങളിലും ഇപ്പോൾ നിലവിലുള്ള ബ്രേക്ക് സിസ്റ്റം ഏത്?

(A) ഹൈഡ്രോളിക് ബ്രേക്ക്
(B) ഡ്യുവൽ ഹൈഡ്രോളിക് ബ്രേക്ക്
(C) ഹൈഡ്രോ എയർ ബ്രേക്ക്
(D) എയർ ബ്രേക്ക്

57. ഒരു വാഹനത്തിൽ ഫ്യൂസ് കാരിയറിന്റെ ധർമ്മം എന്ത്?

(A) ബൾബുകൾ പ്രകാശിപ്പിക്കുവാൻ
(B) ഇൻഡിക്കേറ്റർ ബൾബുകൾ പ്രകാശിപ്പിക്കുവാൻ
(C) വൈദ്യുത ലൈനുകൾ തമ്മിൽ ബന്ധിപ്പിക്കുവാൻ
(D) വാഹനത്തിന്റെ വൈദ്യുത ലൈനുകൾ സംരക്ഷിക്കുവാൻ

58. ഒരു വാഹനത്തിന്റെ ഗിയർ ബോക്സിൽ എത്ര തരം ഷാഫ്റ്റുകൾ ഉണ്ട്?

(A) ഒന്ന്
(B) രണ്ട്
(C) മൂന്ന്
(D) അഞ്ച്



PSCNET.in

fb.com/pscnet.in

www.pscnet.in

59. ബ്രേക്ക് പെഡലിൽ റബ്ബറിന്റെ ഉപയോഗം എന്ത്?
(A) ബ്രേക്കിന്റെ കാര്യക്ഷമത കൂട്ടുവാൻ
(B) കാലിന്റെ ആയാസം കുറയ്ക്കുവാൻ
(C) പെടൽ തുരുമ്പെടുക്കാതിരിക്കുവാൻ
(D) കാൽ വഴുതി പോകാതിരിക്കുവാൻ

60. എഞ്ചിൻ എക്സോസ്റ്റ് ബ്രേക്കിന്റെ ധർമ്മം എന്ത്?
(A) വാഹനം നിർത്തുവാൻ
(B) വാഹനത്തിന്റെ വേഗത കുറയ്ക്കുവാൻ
(C) എഞ്ചിനിൽ നിന്നും പുകയെ പുറത്തേയ്ക്ക് ശരിയായി നയിക്കുവാൻ
(D) ബ്രേക്ക് ആയി പ്രവർത്തിപ്പിക്കുവാൻ

61. ഒരു വാഹനത്തിൽ റേഡിയേറ്ററിന്റെ ധർമ്മം എന്ത്?
(A) വാഹനത്തിന്റെ ലൂബ്രിക്കേഷന്
(B) എഞ്ചിൻ ലൂബ്രിക്കേഷന്
(C) വെള്ളം ശുദ്ധിയാക്കുവാൻ
(D) എഞ്ചിൻ തണുപ്പിക്കുവാൻ

62. പവർ സ്റ്റിയറിംഗ് എന്നാൽ എന്ത് ?
(A) ജലം ഉപയോഗിച്ചുള്ള സ്റ്റിയറിംഗ്
(B) എഞ്ചിൻ ഓയിൽ ഉപയോഗിച്ചുള്ള സ്റ്റിയറിംഗ്
(C) ബ്രേക്ക് ഫ്ലൂയിഡ് ഉപയോഗിച്ചുള്ള സ്റ്റിയറിംഗ്
(D) ഡഷ്ട്രോൺ 2 ഡി പ്രകാരമുള്ള സ്റ്റിയറിംഗ്

63. മിക്ക വാഹനങ്ങളുടെയും എഞ്ചിൻ വാഹനത്തിന്റെ മുൻവശത്ത് ഉറപ്പിക്കുവാൻ കാരണം :
(A) പെട്ടന്നുള്ള പരിശോധനയ്ക്ക്
(B) എഞ്ചിന്റെ ശബ്ദം അടുത്ത് കേൾക്കുവാൻ
(C) ഗിയർ മാറ്റുന്നതിനുള്ള മതിയായ സൗകര്യത്തിന്
(D) വാഹനത്തിന്റെ വെയ്റ്റ് ബാലൻസിംഗിന്

64. ഡീസൽ എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ള വാഹനത്തിൽ നിന്നും കറുത്ത പുക വമിച്ചാൽ മനസ്സിലാക്കുന്നത് എന്ത്?
(A) എഞ്ചിൻ ശരിയായി പ്രവർത്തിക്കുന്നു
(B) ഓയിൽ അധികമായി കത്തുന്നു
(C) ഡീസൽ കത്തുന്നത് കുറവാണ്
(D) ഡീസൽ അമിതമായി കത്തുന്നു

65. ഓവർ ഡ്രൈവിംഗ് ഗിയർ ബോക്സ് എന്നാൽ എന്ത്?
(A) ശക്തി കൂട്ടുന്നതിനുള്ള ഉപായം
(B) വേഗത വർദ്ധിപ്പിക്കുന്നതിനുള്ള ഉപായം
(C) എഞ്ചിന്റെ ഘർഷണം കുറയ്ക്കുന്നതിനുള്ള ഉപായം
(D) എഞ്ചിൻ സ്പീഡും റോഡ് വീൽ സ്പീഡും തുല്യമാക്കുന്ന ഉപായം



fb.com/pscnet.in

66. ഓടുന്ന വാഹനത്തിൽ പ്രവർത്തനക്ഷമമല്ലാത്ത ഉപകരണം :

(A) ബാറ്ററി
(B) ഫ്യൂസ് ക്യാരിയർ
(C) അൾട്ടർനേറ്റർ
(D) ക്രാങ്കിംഗ് മോട്ടോർ

67. ഒരു വാഹനത്തിന്റെ റേഡിയേറ്ററിൽ കൂളന്റിന്റെ ആവശ്യം എന്ത്?

(A) വാഹനം തണുപ്പിക്കുവാൻ
(B) എഞ്ചിൻ തണുപ്പിക്കുവാൻ
(C) എഞ്ചിനിൽ കാൽസ്യം ഡിപ്പോസിറ്റ് തടയുവാൻ
(D) സിലിണ്ടറിൽ സിലിക്കാ ഡിപ്പോസിറ്റ് ഉണ്ടാകാതിരിക്കുവാൻ

68. ഒരു ഹെവി ബസ്സിന്റെ എഞ്ചിനിൽ എത്ര സിലിണ്ടറുകൾ ഉണ്ട്?

(A) എട്ട്
(B) നാല്
(C) ഏഴ്
(D) ആറ്

69. വായുമർദ്ദത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എഞ്ചിൻ ഏത്?

(A) ബഹിർദഹന എഞ്ചിൻ
(B) അന്തർദഹന പെട്രോൾ എഞ്ചിൻ
(C) അന്തർദഹന ഡീസൽ എഞ്ചിൻ
(D) ഗ്യാസ് എഞ്ചിൻ

70. ഒരു വാഹനത്തിന്റെ ഫസ്റ്റ് എയ്ഡ് ബോക്സിൽ കാണുവാൻ പാടില്ലാത്തത് ഏത്?

(A) പൽപ്പൊടി
(B) ബർനോൾ
(C) ഡെറ്റോൾ
(D) കത്രിക

71. സീബ്രാ ക്രോസ്സിംഗിന്റെ ലക്ഷ്യം എന്ത്?

(A) സൈക്കിൾ യാത്രക്കാർക്ക് റോഡ് കടക്കുവാൻ
(B) വാഹനം നിർത്തുവാൻ
(C) കാൽനടക്കാർക്ക് റോഡ് ഓടി മറികടക്കുവാൻ
(D) കാൽനടക്കാർക്ക് നിർഭയം മറികടക്കുവാൻ

72. റോഡിന്റെ മദ്ധ്യരേഖ നിർദ്ദേശിക്കുന്നത് എന്ത്?

(A) വാഹന പരിപാലനം
(B) സമ്മിശ്ര ഗതാഗതത്തിന്
(C) ഓവർ ടേക്കിംഗിന്
(D) സുരക്ഷിത ഗതാഗതത്തിന്

73. ഹെഡ്‌ലൈറ്റ് ഡിം ചെയ്യാതിരുന്നാൽ :

(A) റോഡ് കാണാൻ പറ്റില്ല
(B) എതിർ വാഹനത്തെ കാണാൻ പറ്റില്ല
(C) വശങ്ങൾ കാണാൻ പറ്റില്ല
(D) കണ്ണിന്റെ റെറ്റിന നശിക്കും



fb.com/pscnet.in

www.pscnet.in

74. ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനത്തിനരികെ യൂണിഫോം ധാരികളുടെ ആവശ്യം :

(A) എപ്പോഴും വാഹനങ്ങളുടെ നിയന്ത്രണത്തിന്

(B) പച്ച ലൈറ്റ് കത്തുമ്പോഴുള്ള നിയന്ത്രണത്തിന്

(C) ചുവപ്പ് ലൈറ്റ് കത്തുമ്പോഴുള്ള നിയന്ത്രണത്തിന്

(D) സംവിധാനം തകരാറിലാകുമ്പോഴുള്ള നിയന്ത്രണത്തിന്

75. റോഡ് ഗതാഗതത്തിൽ രണ്ട് വാഹനങ്ങൾ തമ്മിൽ മുൻ പിന്നിൽ പാലിക്കേണ്ട ഏറ്റവും കുറഞ്ഞ അകലം :

(A) 12 മീറ്റർ

(B) 9 മീറ്റർ

(C) 2 മീറ്റർ

(D) ഇവയൊന്നുമല്ല

76. കാവൽക്കാരനില്ലാത്ത ലവൽക്രോസ്സിൽ ചെല്ലുമ്പോൾ എന്ത് ചെയ്യണം?

(A) വാഹനത്തിൽ ഇരുന്ന് കൊണ്ട് തന്നെ ഇരുവശവും ശ്രദ്ധിച്ച് ഓടിച്ച് പോകണം

(B) ട്രെയിൻ വരുന്നത് വരെ കാത്തിരിക്കണം

(C) ട്രെയിൻ വരുന്നത് ദൂരെ കാണുമ്പോൾ പെട്ടന്ന് വാഹനം ഓടിച്ചുപോകണം

(D) വാഹനം നിർത്തി ഇരുവശവും നോക്കി ട്രെയിൻ വരുന്നില്ലെന്ന് ബോദ്ധ്യപ്പെടണം

77. ട്രാഫിക് സിഗ്നൽ ലൈറ്റ് മഞ്ഞ നിറത്തിൽ പ്രകാശിച്ചാൽ :

(A) യാത്രയ്ക്ക് തയ്യാറായി നിൽക്കണം

(B) ഇരുവശങ്ങളിലും മുമ്പിലുള്ള ഗതാഗതം നോക്കി യാത്രയാവാം

(C) വാഹനം നിർത്തണം

(D) ഇവയൊന്നുമല്ല

78. വൺവേയുടെ സമയ ദൈർഘ്യം എത്ര?

(A) രാവിലെ എട്ട് മണി മുതൽ രാത്രി എട്ടു മണിവരെ

(B) രാവിലെ ഒമ്പത് മണി മുതൽ രാത്രി എട്ടു മണിവരെ

(C) രാവിലെ എഴ് മണി മുതൽ രാത്രി പത്തു മണിവരെ

(D) സമയ ദൈർഘ്യം ഇല്ല

79. മറ്റൊരു വാഹനത്തിന്റെ ഇടത് വശത്തുകൂടി ഓവർടേക്ക് ചെയ്യുന്നത് വഴി :

(A) കൂടുതൽ സമയ ലാഭം

(B) ഡ്രൈവിങ്ങിന്റെ മികവ് കാട്ടൽ

(C) ഏത് ട്രാഫിക്കിനേയും മറികടക്കാം

(D) വാഹന നഷ്ടവും ജീവഹാനിയും



fb.com/pscnet.in

www.pscnet.in

80. ലെയിൻ ട്രാഫിക് എന്നാൽ എന്ത്?

(A) വാഹന പെരുപ്പം
(B) വരിവരിയായുള്ള ഗതാഗതം
(C) നിരനിരയായുള്ള ഗതാഗതം
(D) ഇടവിട്ടുള്ള ഗതാഗതം

81. വേഗപരിധി എന്നാൽ എന്ത്?

(A) ഏറ്റവും കുറഞ്ഞ വേഗത
(B) വാഹനത്തിന്റെ പരമാവധി വേഗത
(C) നിശ്ചയിച്ചിട്ടില്ലാത്ത വേഗത
(D) നിയമം മൂലം നിഷ്കർഷിച്ചിട്ടുള്ള വേഗത

82. റോഡ് ഷോൾഡർ ലൈൻ എന്നാൽ എന്ത്?

(A) മദ്ധ്യരേഖ
(B) വശങ്ങളിൽ വീതിയുള്ള രേഖകൾ
(C) വശങ്ങളിലെ ചതുരങ്ങൾ
(D) ഇരുവശങ്ങളിലുമുള്ള ഋജുരേഖകൾ

83. ഓവർടേക്കിംഗ് പാടുള്ളത് എപ്പോൾ?

(A) വളവ് റോഡിൽ ഡ്രൈവർ ഓവർടേക്കിംഗ് സിഗ്നൽ തരുമ്പോൾ
(B) വളവ് റോഡിൽ വാഹനം സൈഡ് ആക്കുമ്പോൾ
(C) സ്ട്രേയ്റ്റ് റോഡിൽ ഓവർടേക്കിംഗ് സിഗ്നൽ ലഭിച്ചാൽ
(D) റോഡ് വ്യക്തതയുള്ളപ്പോഴും മറ്റ് വാഹനങ്ങൾ ഇല്ലാത്തപ്പോഴും

84. ഡബിൾ ലൈൻ റോഡ് എന്നാൽ എന്ത്?

(A) രണ്ട് വരയിട്ട റോഡുകൾ
(B) രണ്ട് വാഹനങ്ങൾക്ക് പോകാവുന്ന റോഡ്
(C) വിട്ടു വിട്ടു വരയിട്ട റോഡുകൾ
(D) രണ്ടു വാഹനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ കടന്നു പോകാൻ കഴിയുന്ന റോഡ്

85. റോഡ് അപകടത്തിനുള്ള മൂലകാരണം :

(A) റോഡിന്റെ അപാകത
(B) നിയമങ്ങളുടെ അഭാവം
(C) നിയമങ്ങളുടെ അപക്വം
(D) മനസ്സിന്റെ അഹങ്കാരം

86. ഡിവൈഡറിൽ തട്ടി വാഹനം അപകടത്തിൽ പെടുവാൻ കാരണം :

(A) ഡിവൈഡർ റോഡിന്റെ മദ്ധ്യഭാഗത്ത് സ്ഥാപിക്കാത്തതുകൊണ്ട്
(B) ഡിവൈഡർ റോഡിന്റെ മദ്ധ്യഭാഗത്ത് സ്ഥാപിച്ചിട്ടുള്ളതുകൊണ്ട്
(C) വാഹനം റോഡിന്റെ മദ്ധ്യഭാഗം ലക്ഷ്യമാക്കി ഓടിക്കാത്തതുകൊണ്ട്
(D) വാഹനം റോഡിന്റെ മദ്ധ്യഭാഗത്തുകൂടി ഓടിക്കുന്നതുകൊണ്ട്

87. കയറ്റം കയറുന്ന ഗിയറിൽ തന്നെ വാഹനം കയറ്റം ഇറങ്ങണം എന്ന് പറയുവാൻ കാരണം :

(A) ഇന്ധന ലാഭത്തിന്
(B) ഡ്രൈവറുടെ ആയാസം കുറയ്ക്കുവാൻ
(C) കൂടുതൽ സ്റ്റെബിലിറ്റി കിട്ടുവാൻ
(D) ഗിയർ ഒരു ബ്രേക്കായി പ്രവർത്തിക്കുവാൻ



fb.com/pscnet.in

www.pscnet.in

88. ഒരു വാഹനത്തിന്റെ അൺ ലാഡൺ വെയ്റ്റ് എന്നാൽ എന്ത്?

(A) വാഹനത്തിന്റെയും ഡ്രൈവറുടെയും ഭാരം

(B) വാഹനത്തിന്റെയും ലോഡിന്റെയും ഭാരം

(C) വാഹനത്തിന്റെയും ഇന്ധനത്തിന്റെയും ആകെ ഭാരം

(D) വാഹനത്തിന്റെ ആകെ ഭാരം

89. റോഡിന്റെ വളവുകളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ കാരണം :

(A) ജനങ്ങൾ കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കുന്നു

(B) ബിസിനസ്സ് വർദ്ധിക്കുന്നു

(C) റോഡിന് സംരക്ഷണം പോലെ പ്രവർത്തിക്കുന്നു

(D) വലിയ വലിയ റോഡ് അപകടങ്ങൾക്ക് കാരണമാകുന്നു

90. ക്ലച്ച് ഫ്രീ പെഡൽ പ്ലേ കുറഞ്ഞാൽ :

(A) എഞ്ചിന്റെ ശക്തി കൂടും

(B) ഗിയർ ഇടുന്നതിന് ബുദ്ധിമുട്ട് കുറയും

(C) ഇന്ധനക്ഷമത കൂടും

(D) സാമ്പത്തിക നഷ്ടം വർദ്ധിക്കും

91. വാഹനം പാർക്കു ചെയ്യുവാൻ പാടില്ലാത്തത് എവിടെ?

(A) റോഡിന്റെ വശങ്ങളിൽ

(B) റോഡിന്റെ വലത് വശം

(C) ഷോൾഡർ ലൈൻ കഴിഞ്ഞ്

(D) പാലത്തിൽ

92. സ്റ്റിയറിംഗ് പ്ലേ കൂടുതലായാൽ :

(A) ടയർ അമിതമായി തേയും

(B) വാഹനം വശങ്ങളിലേയ്ക്ക് വലിക്കപ്പെടും

(C) ടയർ തിരിയുന്നതിന് സമയം കൂടുതൽ എടുക്കും

(D) വാഹനം തിരിയുന്നതിന് സമയം കുറച്ച് മതി

93. വശങ്ങളിലേയ്ക്കുള്ള ഇൻഡിക്കേറ്റർ ഇടേണ്ടത് എപ്പോൾ?

(A) 200 മീറ്റർ മുമ്പ്

(B) അടുത്ത് എത്തുമ്പോൾ

(C) കുറച്ച് അകലെ വച്ച്

(D) കൃത്യമായ അകലം ബാധകമല്ല

94. ബസ്സ്ബേ എന്നാൽ എന്ത്?

(A) ബസ്സ് കടന്നുപോകുന്നതിനുള്ള ഇടം

(B) ആളെ ഇറക്കുന്നതിനുള്ള സ്ഥലം

(C) ബസ്സ് നിർത്തുന്നതിനുള്ള സ്ഥലം

(D) ആളെ കയറ്റുന്ന സ്ഥലം



fb.com/pscnet.in

www.pscnet.in

95. ഗിയർ ബോക്സിലെ റിയർ ഓയിൽ സീൽ തകരാറിലായാൽ :

(A) എഞ്ചിന്റെ വേഗത വർദ്ധിക്കും
(B) ഇന്ധന ക്ഷമത കൂടും
(C) ക്ലച്ച് പൊട്ടും
(D) ക്ലച്ച് തെന്നും

96. സ്പീഡ് ഗവർണറിന്റെ ലക്ഷ്യം എന്ത്?

(A) നിയന്ത്രണമില്ലാതെ വേഗത്തിൽ ഓടിക്കുവാൻ
(B) ഡ്രൈവർ സ്വയം നിശ്ചയിച്ച വേഗത്തിൽ ഓടിക്കുവാൻ
(C) വാഹനത്തിന്റെ പരമാവധി വേഗം ചിട്ടപ്പെടുത്തിയിരിക്കുന്നു
(D) സുരക്ഷിതമായ വേഗത്തിൽ വാഹനം ഓടിക്കുവാൻ

97. കോടതി പരിസരത്ത് ഏത് തരത്തിലുള്ള ഹോൺ മുഴക്കാം?

(A) എയർ ഹോൺ
(B) ഇലക്ട്രിക് ഹോൺ
(C) 50 Hz ഇലക്ട്രിക് ഹോൺ
(D) ഹോൺ മുഴക്കാൻ പാടില്ല

98. ഹാൻഡ് സിഗ്നലിന്റെ പ്രാധാന്യം ഏത് വിധത്തിൽ?

(A) ഇലക്ട്രിക് സിഗ്നലിന് പകരം
(B) ഇലക്ട്രോണിക് സിഗ്നലിന് പകരം
(C) ഭാഷയ്ക്ക് അധീതമായ ഭാഷ ആയതിനാൽ
(D) മനഃശാസ്ത്രപരമായി ഒരു ഡ്രൈവറെ സ്വാധീനിക്കുന്നു എന്ന പ്രത്യേകത

99. ഒരു ഇരുചക്ര വാഹനത്തിലുള്ള ഹോണിന്റെ അനുവദനീയമായ ശബ്ദ ലവൽ എത്ര?

(A) 40 Hz
(B) 50 Hz
(C) 8 dB (A)
(D) 8 dB (B)

100. ഒരു വാഹനത്തിന് പി.യു.സി.സി. സർട്ടിഫിക്കറ്റിന്റെ ആവശ്യം :

(A) നല്ല പുകയുള്ള വാഹനം ആയതിനാൽ
(B) പുക കുറഞ്ഞ വാഹനം ആയതുകൊണ്ട്
(C) വെളുത്ത പുകയുള്ള വാഹനം ആയതുകൊണ്ട്
(D) അന്തരീക്ഷ മലിനീകരണം ഉണ്ടാകുന്നില്ല എന്ന് തെളിയിക്കുവാൻ

PSCNET.in



fb.com/pscnet.in